പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2091 26.03.2013 -ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യെക്കുറിച്ച് പഠിക്കാൻ കമ്മീഷൻ

| ചോദ്യം<br>ശ്രീ. എ.എ.അസീസ് | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | 2013 ജനുവരി മാസം മുതലുള്ള കെ.എസ്.ആർ.ടി.സി.യുടെ പ്രതി മാസ നഷ്ടം എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | ജനുവരി മാസം 89.47 കോടി രൂപയും ഫെബ്രുവരിയിൽ 96.73 കോടി രൂപയും, ചെലവ് വരവിനെക്കാൾ കൂടുതലാണ്. |
| (ബി) | ഇത്രയും നഷ്ടം കെ.എസ്.ആർ.ടി.സിക്ക് ഉണ്ടാകുവാനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ ; | (ബി) | 1984 മുതൽ കെ.എസ്.ആർ.ടി.സി. യിലും സർക്കാർ ജീവനക്കാരുടേതിന് തുല്യമായി ജീവനക്കാർക്ക് പെൻഷൻ ഏർപ്പെടുത്തുകയും ടി നടപടി മൂലം റവന്യൂ വരുമാനത്തിൽ നിന്നും പെൻഷൻ നൽകേണ്ട സ്ഥിതിവിശേഷം ഉണ്ടാകുകയും ചെയ്തു. ആയതിലേക്ക് വേണ്ടത്ര പണം ലഭ്യമല്ലാത്തതിനാൽ, കെ.എസ്.ആർ.ടി.സി. യ്ക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വൻതോതിൽ വായ്പ എടുക്കേണ്ടി വന്നു. തൻമൂലമുണ്ടായ വായ്പാ തിരിച്ചടവിലും പെൻഷനിനത്തിലും നൽകേണ്ടി വരുന്ന തുകയാണ് കെ.എസ്.ആർ.ടി.സി. യുടെ വരവും ചെലവും തമ്മിലുള്ള അന്തരം. |
| (സി) | കെ.എസ്.ആർ.ടി.സി. യുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനുമായി പഠനം നടത്താൻ ഒരു കമ്മീഷനെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ ? | (സി) | ഇത്തരം ഒരു പഠനത്തിന് 2012-ൽ വർമ്മ ആന്റ് വർമ്മ എന്ന ചാർട്ടേഡ് അക്കൗണ്ടന്റ് സ്ഥാപനത്തിനെ ഏൽപ്പിക്കുകയും അവർ ഒരു പഠന റിപ്പോർട്ട് സമർപ്പിയ്ക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ